## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3796** **25.06.2013 ലെ മറുപടിയ്ക്ക്**

## ഒറ്റത്തവണ നികുതി ഈടാക്കൽ പദ്ധതി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | വാറ്റ് രജിസ്ട്രേഷൻ വാർഷിക വിറ്റു വരവ് 10 ലക്ഷമായി ഉയർത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. മൂല്യവർദ്ധിത നികുതി നിയമ പ്രകാരം രജിസ്ട്രേഷനെടുക്കാനുള്ള വിറ്റുവരവ് പരിധി 5 ലക്ഷം രൂപയായിരുന്നു. കേരള ധനകാര്യബിൽ 2013 പ്രകാരം ടി പരിധി 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വ്യാപാരി വ്യവസായികളുടെ മുൻകാല നികുതി ബാധ്യത എങ്ങനെയാണ് സർക്കാർ പിരിക്കുവാൻ ഉദ്ദേശിക്കുന്നത്. | (ബി) യും (സി) യും | കേരള പൊതുവിൽപന നികുതി നിയമപ്രകാരം 2004-05 സാമ്പത്തിക വർഷം വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനു വേണ്ടി 2013 ൽ ഒരു പുതിയ ആംനസ്റ്റി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പൊതുവിൽപന നികുതി നിയമത്തിൻ കീഴിലുള്ള മുൻകാല നികുതി ബാധ്യത തീർപ്പാക്കാൻ കുടിശ്ശികക്കാർക്ക് ഈ സ്കീം പ്രയോജനപ്പെടുന്നു. വ്യാപാര മേഖലയുടെ അഭ്യർത്ഥന മാനിച്ച് വിവിധ കാരണങ്ങളാൽ മുൻ സ്കീമിന്റെ ആനുകൂല്യങ്ങൾ നേടുവാൻ കഴിയാതിരുന്ന ഡീലർമാർക്കുവേണ്ടി 01.04.2013 മുതൽ ആരംഭിച്ച ആംനസ്റ്റി പദ്ധതിയുടെ കാലാവധി 31.12.2013 വരെയാണ്. ഈ പദ്ധതി പ്രകാരം കുടിശ്ശികക്കാരന് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നു; |
| (സി) | ഒറ്റത്തവണ നികുതി ഈടാക്കൽ പദ്ധതി ഏത് മാസം വരെയാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയിരിക്കുന്നത്; ഒറ്റത്തവണ നികുതിയടയ്ക്കുന്നവർക്കുള്ള സൗജന്യം എന്താണെന്ന് വിശദമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | 1991 വരെയുള്ള കാലയളവിലെ നികുതിയുടെ 75% ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25% വും ഒഴിവാകും.<br>1991-92 മുതൽ 1995-96 വരെയുള്ള കാലയളവിൽ നികുതിയുടെ 100% ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും. 1996-97 മുതൽ 1999-2000 വരെയുള്ള കാലയളവിലുള്ള നികുതിയുടെ 100% ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5% വീതം മാത്രം ഒടുക്കിയാൽ മതിയാകും. 2000-2001 മുതൽ 2004-05 കാലയളവിലുള്ള നികുതിയുടെ 100% ഒടുക്കിയാൽ കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10% വീതം നൽകിയാൽ മതിയാകും.<br>നികുതി മുഴുവനും അടച്ചുകഴിഞ്ഞ് പലിശ മാത്രം അടയ്ക്കാനുള്ള കേസ്സുകളിൽ പലിശയുടെ 10% തുക മാത്രം അടച്ചാൽ മതിയാകും. |

സെക്ഷൻ ഓഫീസർ